ണം. ഗവൺമെന്റ് ഇതിനകത്ത് വല്ലാത്ത അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഒരു കാലഘട്ടത്തിലും ഇത്ര കാലദൈർഘ്യമുണ്ടായിട്ടില്ല. കൃഷിവകുപ്പ് ഈ കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്. കൃഷിവകുപ്പ് ചില കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ശ്രീ. കെ.പി. രാജേന്ദ്രനും ഞാനുമൊക്കെ അതിൽ പങ്കെടുക്കുന്നവരാണ്. ഞങ്ങൾ അതിന്റെ ഫെഡറേഷന്റെ ഭാരവാഹികളാണ്. അതുകൊണ്ട് ഈ പണിമുടക്കെങ്കിലും അങ്ങ് കണ്ടുകൊണ്ട് വരുന്ന രണ്ടുമൂന്ന് ദിവസങ്ങൾക്കുള്ളിൽ ധനകാര്യവകുപ്പിൽ പ്രത്യേകമായ സ്വാധീനം ചെലുത്തി അവർക്ക് കിട്ടേണ്ടുന്ന ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഗവൺമെന്റ് ഫാമുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുന്നതിനിടയിൽത്തന്നെ മുമ്പ് ഒരുകാലത്തും ചെയ്തിട്ടില്ലാത്തപോലെ ഫാമിലെ തൊഴിലാളികൾക്ക് പ്രതിമാസം 150 രൂപ ഇടക്കാലാശ്വാസമായിട്ട് ഈ ഗവൺമെന്റ് നൽകി. അതുപോലെതന്നെ തൊഴിലാളികളുടെ നീണ്ടകാലത്തെ ഒരാവശ്യമായിരുന്നു കാഷ്വൽ ലേബറേഴ്സിനെ സ്ഥിരപ്പെടുത്തുക എന്നുള്ളത്. ഇരുപതും ഇരുപത്തിയഞ്ചും വർഷം താൽക്കാലിക തൊഴിലാളികളായി ഫാമുകളിൽ ജോലി ചെയ്ത് ഒരു പ്രതിഫലവുമില്ലാതെ പരിഞ്ഞുപോകുന്ന ഒരവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് ഇപ്പോൾ 240 ദിവസമെങ്കിലും ജോലി ചെയ്തെങ്കിലേ അവരെ സ്ഥിരപ്പെടുത്തൂവെന്നുള്ള വ്യവസ്ഥയ്ക്ക് ഇളവ് വരുത്തി ഓരോ ഫാമിലും തൊഴിലാളികളുടെ ജോലി ചെയ്ത കാലഘട്ടത്തെ അടിസ്ഥാനമാക്കി തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ഭാഗമായിട്ട് ഇപ്പോൾ അടിയന്തിരമായി അഞ്ഞൂറിലധികം തൊഴിലാളികളെ ഫാമുകളിലെ സ്ഥിരം തൊഴിലാളികളാക്കി മാറ്റാൻ കഴിയും. 1980-82 കാലഘട്ടത്തിൽ തെറ്റായ ഒരു തീരുമാനം എടുത്തതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളും ഇതോടുകൂടി പരിഹരിക്കും. അതും ഏകദേശം അഞ്ഞൂറോളം തൊഴിലാളികൾ വരും. അപ്പോൾ ആയിരത്തോളം തൊഴിലാളികളെ ഫാമുകളിൽ സ്ഥിരപ്പെടുത്താനായിട്ട് ഇപ്പോൾ തീരുമാനിച്ചു. ഈ കമ്മിറ്റിയുടെ ശുപാർശ വന്നതിനുശേഷം ഈ തൊഴിലാളികളുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവ പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതനുസരിച്ച് ധനകാര്യ വകുപ്പിന് അത് അയച്ചു. ധനകാര്യ വകുപ്പിന് അത് അംഗീകരിക്കുന്നതിന് കുറച്ചു കാര്യങ്ങൾക്കൂടി അറിയണമായിരുന്നു. ചില കാര്യങ്ങൾകൂടി പരിശോധിക്കണമെന്നുള്ളതുകൊണ്ട് അവർ ചോദിച്ച കാര്യങ്ങൾ കൃഷിവകുപ്പിൽനിന്ന് കൊടുത്തിട്ടുണ്ട്. വളരെ വൈകാതെതന്നെ ധനകാര്യവകുപ്പിൽനിന്ന് ഇതിന് അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കിട്ടിയാലുടൻതന്നെ ശമ്പള പരിഷ്ക്കരണം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവയുടെ കാര്യങ്ങളിൽ തീരുമാനമുണ്ടാക്കാൻ കഴിയും.

(15) സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷനിലെ ആശ്രിത നിയമനത്തിലെ അപാകതകൾ

ശ്രീ. അടൂർ പ്രകാശ് : സർ, പ്ലാന്റേഷൻ കോർപ്പറേഷനിൽ പ്രായാധിക്യവും ശേഷിക്കുറവുംമൂലം ജോലിയിൽനിന്നും സ്വയം പിരിഞ്ഞുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് പകരം അവരുടെ ആശ്രിതന് സമാശ്വാസ തൊഴിൽ പദ്ധതിയിലുൾപ്പെടുത്തി തൊഴിലാളിയായി ജോലി നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതാണ്. ആശ്രിതരുടെ പട്ടികയിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഭാര്യ, ഭർത്താവ്, മകൻ, വിവാഹം കഴിയാത്ത മകൾ എന്നിവർക്കേ ഈ ജോലി ലഭിക്കാൻ ഇപ്പോൾ അർഹതയുള്ളൂ. പെൺമക്കൾ മാത്രമായിപ്പോയത് ഈ പാവപ്പെട്ട തൊഴിലാളികളുടെ കുറ്റമാണോ? പെൺകുട്ടികൾക്ക് പ്രായപൂർത്തിയാകുന്നതനുസരിച്ച് അവരെ വിവാഹം കഴിച്ചുകൊടുക്കുന്നത് തെറ്റാണോ? അതുകൊണ്ട് ഗവൺമെന്റ് ഇറിക്കിയിട്ടുള്ള ഈ ഉത്തരവിലെ അപാകതകൾ പരിഹരിക്കണം. അതുകൊണ്ട് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട പ്രശ്നം ഗവൺമെന്റ് ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവിലെ അപാകതകൾ പരിഹരിച്ച് വിവാഹം കഴിച്ച് അയച്ച പെൺകുട്ടികളെക്കൂടി ആശ്രിതരുടെ പട്ടികയിൽ മുൻകാല പ്രാബല്യത്തോടുകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് കേരളത്തിലെ ഒരു പൊതുമേഖലാസ്ഥാപനങ്ങളിലും ഇല്ലാത്ത ഒരു കാര്യം തൊഴിലാളിക്ക് ഗവൺമെന്റ് ചെയ്തുകൊടുത്തതാണ്. ഈ പ്ലാന്റേഷൻ കോർപ്പറേഷനിലെ ദിവസക്കൂലിക്കാരായ തൊഴിലാളികൾക്ക് അവരുടെ ഒഴിവുകളിൽ 50 ശതമാനം പ്രായാധിക്യംകൊണ്ട്, മറ്റു ശാരീരികമായിട്ടുള്ള പ്രശ്നങ്ങൾകൊണ്ട് ജോലി ചെയ്യാൻ കഴിയാതെ അവർ പിരിഞ്ഞുപോകുമ്പോൾ ആ ഒഴിവുകളിൽ അവരുടെ ആശ്രിതരായിട്ട് നിയമിക്കാമെന്നുള്ളത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അവർക്ക് ചെയ്തുകൊടുത്ത ഒരു സൗകര്യമാണ്. അതിൽ ഇപ്പോൾ കല്യാണം കഴിച്ചുകൊടുക്കാത്ത പെൺമക്കളും ആൺമക്കളുമുള്ളവർക്കാണ് ജോലി ലഭിക്കുന്നത്. എന്നാൽ ചില തൊഴിലാളികൾക്ക് കല്യാണം കഴിച്ചു കൊടുത്ത പെൺമക്കൾ മാത്രമേയുള്ളൂ. അവരെക്കൂടി പരിഗണിക്കണമെന്നുള്ളതാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ ബോർഡ് അവരെക്കൂടി പരിഗണിക്കണമെന്ന് അംഗീകരിച്ച് ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(16) കൊച്ചി പട്ടണത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ തൊഴിൽ നിഷേധിക്കുന്നതു സംബന്ധിച്ച്

ശ്രീ. പി. രാജു : സർ, കൊച്ചി പട്ടണപ്രദേശങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിൽ ചെയ്യാൻ വരുന്നവർക്ക് തൊഴിൽ നിഷേധിക്കുന്ന നടപടിയ്ക്കെതിരായിട്ടാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇപ്പോൾ പുതിയതായി നടത്താൻ പോകുന്ന ഗോശ്രീ പദ്ധതി പ്രവർത്തനത്തിലും മട്ടാഞ്ചേരി പാലം നിർമ്മാണ പ്രവർത്തനത്തിലും ഇത് ആവർത്തിക്കാനാണ് സാദ്ധ്യത. തൊഴിൽ എടുക്കാനുള്ള അവകാശം തൊഴിലാളികൾക്കാണ്. ആ അവകാശം യൂണിയനുകൾക്ക് നൽകുന്ന സംവിധാനം തെറ്റായ നടപടിയാണ്. നിയമവിരുദ്ധമാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലാളികളെ സപ്ലൈ ചെയ്യുന്ന ഇന്നത്തെ സംവിധാനം പഴയ കങ്കാണി സമ്പ്രദായത്തെ പുനരെടുക്കലാണ്. കങ്കാണി സമ്പ്രദായം അവസാനിപ്പിക്കാൻ നടപടിയുണ്ടാകണം. ഇത്തരം നടപടി ഏലൂർ വ്യവസായ മേഖലയിൽ ഇതിനുമുമ്പുണ്ടായതാണ്. ഈ കങ്കാണി സമ്പ്രദായത്തെ അവിടെ ശക്തമായ ട്രേഡ് യൂണിയൻ സമരങ്ങളുടെ ഫലമായി അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. അന്ന് ഏലൂരിൽ സ്വീകരിച്ച മാർഗ്ഗം ഇവിടെയും സ്വീകരിക്കാ

LIBRARY ARCHIVES Kerala Legislative Assembly